*'CORRUPTION, A CRIME AGAINST NATION'*

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇമെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471- 2305393
തീയതി: 09.02..2023

# “കൈക്കൂലി വാങ്ങുന്നതിനിടെ ഫോറസ്റ്റ്റേഞ്ച് ഓഫീസർ വിജിലൻസ് പിടിയിൽ”

ഇടുക്കി ജില്ലയിലെ, തൊടുപുഴ ഫോറസ്റ്റ് റേഞ്ച് ഓഫീസർ ലിബിൻജോൺ 1,00.000/-രൂപ (ഒരു ലക്ഷം രൂപ) കൈക്കൂലി വാങ്ങവെ ഇന്നലെ (08.02.2023) വിജിലൻസിൻറെ പിടിയിലായി.

ഇടുക്കി ജില്ലയിലെ, തൊടുപുഴ സ്വദേശിയായ പരാതിക്കാരന്റെ വീട്ടിൽ കഴിഞ്ഞ ആഴ്ച ഓപ്പറേഷൻ കുബേരയുടെ ഭാഗമായി തൊടുപുഴ പോലീസ് വീട്ടിൽ പരിശോധന നടത്തിയ സമയം പരാതിക്കാരന്റെ വീട്ടിൽ നിന്നും മ്ലാവിന്റെ ഒരു കൊമ്പ് കണ്ടെത്തുകയും, ഇതിലേക്ക് തൊടുപുഴ ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ കേസെടുക്കുകയുമുണ്ടായി. ഈ കേസിൽ നിന്നും പരാതിക്കാരനെ ഒഴിവാക്കുന്നതിനായി തൊടുപുഴ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ “കാണണമെന്നു” പറയുകയും, ഒരു കുപ്പി മദ്യം ആവശ്യപ്പെടുകയും ചെയ്തു. അതു പ്രകാരം ഇക്കഴിഞ്ഞ ഞായറാഴ്ച പരാതിക്കാരൻ ഒരു കുപ്പി മദ്യവുമായി ക്വാർട്ടേഴ്സിൽ ചെന്നെങ്കിലും മദ്യം വാങ്ങിയ ശേഷം ഇതു പോരായെന്നും കേസിൽ നിന്നും ഒഴിവാക്കുന്നതിനായി 1,00.000/-രൂപ (ഒരു ലക്ഷം രൂപ) കൈക്കൂലി നൽകണമെന്നും, ലിബിൻജോൺ ആവശ്യപ്പെട്ടു. തുടർന്ന്

പരാതിക്കാരൻ കൈക്കൂലി തുക കുറയ്ക്കാൻ സാധിക്കുമോ? എന്ന് ചോദിച്ചപ്പോൾ ഇത് പോലീസ് കേസ് അല്ലെന്നും, ഇത് ഫോറസ്റ്റ് കേസ് ആണെന്നും അതു കൊണ്ട് വില പേശൽ പറ്റില്ല എന്നും അറിയിച്ചു. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസിന്റെ കിഴക്കൻ മേഖല, കോട്ടയം പൊലീസ് സൂപ്രണ്ട് ശ്രീ. വി.ജി.വിനോദ്കുമാറിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം വിജിലൻസ് ഇടുക്കി യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഷാജുജോസ് കെണി ഒരുക്കി ഇന്നലെ വൈകുന്നേരം 7 മണിയോടെ മുട്ടത്തുള്ള റേഞ്ച് ഓഫീസറുടെ കോർട്ടേഴ്സിൽ വച്ച് പരാതിക്കാരനിൽ നിന്നും 1,00.000/-രൂപ (ഒരു ലക്ഷം രൂപ) കൈക്കൂലി വാങ്ങവെ തൊടുപുഴ ഫോറസ്റ്റ് റേഞ്ച് ഓഫീസർ ലിബിൻജോണിനെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. പിടികൂടിയ പ്രതിയെ ഇന്ന് (09.02.2023) മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഇടുക്കി, വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഷാജുജോസിനെ കൂടാതെ ഇൻസ്പെക്ടർമാരായ ടിപ്സൺതോമസ്, കിരൺ, സബ് ഇൻസ്പെക്ടർമാരായ ജോയ്, ഷാജികുമാർ, സ്റ്റാൻലിതോമസ്, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ബേസിൽ, സഞ്ജയ്.എസ്, ഷിബു, എസ്.സി.പി.ഒ മാരായ അരുൺ ,സന്ദീപ്, സനൽ ചക്രപാണി എന്നിവരും പങ്കെടുത്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.